പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) 22.

(ബി) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 19.

(ഡി) കയ്യാലിപ്പാലം, മട്ടാർ പാലം, നെടുമുടിപ്പാലം, തോട്ടപ്പള്ളി, മാരാരിക്കുളം മുതലായ പാലങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ: കയ്യാലിപ്പാലത്തിന്റെ നില എന്താണ്?

ശ്രീ. ടി. അബ്ദുൽ മജീദ്: അതു നാഷണൽ ഹൈവേയിൽപ്പെട്ടതാണെന്ന്.

പുതിയതായി ആരംഭിക്കുന്ന കോടതികൾ.

* 1435. [16] ശ്രീ. ടി. കെ. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ മദ്ധ്യവേനലിനുശേഷം കോടതി തുറക്കുമ്പോൾ എവിടെയെല്ലാം പുതുതായി കോടതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കുന്നംകുളത്ത് ഒരു മുൻസിഫ്-മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) തുറക്കുന്ന കാര്യത്തിൽ അവസാന തീരുമാനം എടുത്തിട്ടില്ല.

(ബി) ഇതുവരെ കാര്യമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പ് ഓരോ ഡിസ്ട്രിക്ടിലേയും എം. എൽ. എ. മാരേയും മറ്റും ഉൾപ്പെടുത്തി ഒരു കമ്മിറ്റി പ്രൊവിഷണലായിട്ട് കോടതികൾ പുതിയതായി തുറക്കുന്നതിനെ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം ഇപ്പോഴും നിലവിലിരിക്കുകയാണോ, അതോ ഇനിയും അതു പുനഃപരിശോധന ചെയ്യേണ്ടതായിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ആ അഭിപ്രായങ്ങളെല്ലാം ഹൈക്കോടതിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമാകാം എന്നുവച്ചു നിർദ്ദേശം കാത്തു നിൽക്കുകയാണ്.

സ്കൂൾ പണിചെയ്യുന്നതിനു തടിക്കുവേണ്ടിയുള്ള അപേക്ഷകൾ.

* 1436. [17] ശ്രീ. കെ മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സ്കൂൾകൾ പണി ചെയ്യുന്നതിന് സൗജന്യ റേറ്റിൽ സർക്കാരിൽനിന്നും തടി നൽകാറുണ്ടോ;

(ബി) 1957-58 സാമ്പത്തികവർഷത്തിൽ കൊല്ലം ജില്ലയിൽനിന്നും എത്ര മാനേജുമെന്റ് സ്കൂൾകൾ തടിക്കുവേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് നൽകി;

(സി) കൊല്ലം ജില്ലയിലുള്ള തഴവാ മുസ്ലീം പ്രൈമറി സ്കൂൾ പണിയുന്നതിന് സൗജന്യറേറ്റിൽ തടിക്ക് അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

† Vide Appendix I.

LIBRARY ARCHIVES Kerala Legislative Assembly